സാമ്പത്തിക വർഷത്തിൽ 36,04,640 രൂപയും, 2019-20 സാമ്പത്തിക വർഷത്തിൽ 25,33,29,147 രൂപയും 2020-21 സാമ്പത്തിക വർഷത്തിൽ 44,23,72,112 രൂപയും പരസ്യയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

കാലടി കുന്ന് റെഗുലേറ്റർ കം ബ്രിഡ്ജ്

38 (1762) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെട്ടതും കിഫ്ബി വഴി നടപ്പിലാക്കുന്നതുമായ കാലടി കുന്ന് റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ ഇനിയും പൂർത്തിയാക്കാൻ ബാക്കിയുണ്ടോ; എങ്കിൽ അവ എന്താണെന്ന് വിശദമാക്കാമോ;

&

(സി) നടപടിക്രമങ്ങൾ പൂർത്തിയാക്കി പദ്ധതി എന്ന് ആരംഭിക്കുമെന്ന് അറിയിക്കുമോ?

പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി ഭരണവകുപ്പ് ചുമതലപ്പെടുത്തിയ കേരളാ ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിയ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് സാങ്കേതികപരമായി തൃപ്തികരമല്ലാത്തതിനാൽ സർവ്വേ ഉൾപ്പടെയുള്ള പരിശോധനകൾ വീണ്ടും നടത്തി കിഫ്ബിയുടെ സഹായത്താൽ പരിഷ്കരിച്ച പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ടി പദ്ധതി റിപ്പോർട്ട് ഓഗസ്റ്റ് മാസത്തോടുകൂടി പൂർത്തിയാകുന്നതാണ്. ഈ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ തുടർന്നുവരുന്ന എക്സിക്യൂട്ടീവ്/ജനറൽ ബോർഡ് യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിച്ച് പദ്ധതിക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കുറ്റിപ്പുറം കാങ്കക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ കിഫ്ബി പരിശോധന

39 (1763) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം കാങ്കക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ കിഫ്ബി പരിശോധന പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly